**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **26/04/2017 ൽ**

**നിയമസഭാ ചോദ്യം നമ്പർ 486** **മറുപടിക്ക്**

**പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്)**

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.എം. നൗഷാദ്
ശ്രീ.പി.ടി.എ. റഹീം

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വ്യവസായ മേഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) പുന:സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ; | എ) | ഉണ്ട്. വ്യവസായ വകുപ്പിന്റെ ജി.ഒ(ആർ.ടി.)നം.492/2016/വ്യവ തീയതി 03/06/2016 ഉത്തരവ് പ്രകാരം റിയാബ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | റിയാബിന്റെ പുന:സംഘടനയ്ക്ക് ശേഷം വ്യവസായ മേഖലയിലെ ഏതെല്ലാം പ്രവൃത്തികളാണ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന വിശദമായി വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, ധനപരമായ പുന:രുദ്ധാരണം, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾ സത്വരമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് |

സർക്കാർ സ്വീകരിച്ചുവരുന്നത്.

മുൻ കാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽ നിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നവീകരണ വിപുലീകരണ പദ്ധതികൾക്കായുള്ള പദ്ധതി വിഹിതം 270 കോടിരൂപയായി ഉയർത്തി വകയിരുത്തിയിട്ടുണ്ട്.

വിപണന മൂല്യമുള്ള ഉല്പന്നങ്ങളുടെ ഉല്പാദന വിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമതകൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പു വരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ. കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അടുത്ത സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുസ്ഥിരമായ വികസന പാതയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

| | | |
|---|---|---|
| സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ? | സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ മുൻ ഗണന നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് റിയാബ് മുഖന നടത്തിവരുന്ന പ്രവർത്തന നിരീക്ഷണ സംവിധാനവും, അവലോകന സംവിധാനവും ശക്തിപ്പെടുത്തുന്നതിനുള്ള |

നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

Bindumol K N

**സെക്ഷൻ ഓഫീസർ**

**GOVERNMENT OF KERALA**
**Abstract**

Industries Department - Governing Board of RIAB - Reconstructed - Orders issued.

**INDUSTRIES (H) DEPARTMENT**

**G.O. (Rt) No.492/2016/ID. Thiruvananthapuram, Dated 03/ 06/2016**

**ORDER**

With a view to strengthening the organizational as well as functional basis of the Public Sector Restructuring and Internal Audit Board (RIAB) it is proposed to take various steps including a thorough analysis of the present functions and review of the past activities of the Organization. It also envisages to widen the objectives of the Agency so as to support the Government in the areas such as investment promotion, issues related to establishment of new industrial units in the State, training of employees in PSUs etc.

As a part of the above Board of RIAB is reconstituted as follows:

| | | |
|---|---|---|
| CHAIRMAN | : | Dr.M.P.Sukumaran Nair<br>XIV/45, Morical, Kakkanad P.O., Cochin - 682030 |
| MEMBER (Ex-Officio) | : | Principal Secretary (Industries) |
| MEMBER (Ex-Officio) | : | Principal Secretary (Finance) |
| MEMBER (Ex-Officio) | : | Director, Industries & Commerce |
| MEMBER | : | Dr.R.Ashok, Registrar, RGCB |
| MEMBER SECRETARY | : | Sri.K.Padmakumar<br>11F, Samrudhi Thampurans, Thampuranmukku, Thiruvanathapuram |

(By order of the Governor)
**P.C.KASSIM**
Additional Secretary to Government

To

1) Individuals Concerned.

2) Director of Industries & Commerce, Vikas Bhavan, Thiruvananthapuram
3) Director Rajeev Gandhi Center for Boitechnology, Thycaud post, Poojapura, Thiruvananthapuram - 695 014
4) The Secretary, RIAB, Vellayambalam, Thiruvananthapuram
5) Finance (PU-D) Department
6) The Accountant General,( Audit & A&E), Kerala, TVPM.
7) Stock File / Office Copy

Copy to

PS to Minister for Industries, Commerce & Sports.
PA to Principal Secretary, Industries Department.
PA to Principal Secretary, Finance Department.

Forwarded/By Order

Section Officer

Bindumol. K.N